പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .387 27/09/2016-ൽ മറുപടിക്ക്

## ഇടകൊച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.സ്വരാജ് | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടകൊച്ചിയിൽ ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇടക്കൊച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിച്ചുകൊണ്ട് 24.02.2016 - ൽ ബോർഡ് ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സെക്ഷൻ രൂപീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരമണം വ്യക്തമാക്കുമോ; | (ബി) & (സി) | ബോർഡ് ചിലവിൽ കെട്ടിടം നിർമ്മിക്കാൻ യോഗ്യമായ 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്ന മുറയ്ക്കോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുന്ന മുറയ്ക്കോ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡ് തീരുമാനമെടുത്തിരുന്നത്. മേൽ സൂചിപ്പിച്ചത് പ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമാകാത്തതിനാലാണ് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തത്. സൗജന്യമായി 10 സെന്റ് ഭൂമി/വാടകരഹിത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഇടക്കൊച്ചി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിയ്ക്കുന്നതാണ്. |
| (സി) | പ്രസ്തുത സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ